## പതിന്നാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3341 — 10/12/2018 ൽ മറുപടിക്ക്

# വില്ലേജ് ഓഫീസറുടെ ചുമതലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളിൽ റെലിസ് സോഫ്റ്റ് വെയർ നിലവിൽ വന്നത് എന്നുമുതലാണെന്നും എത്ര ശതമാനം ഓഫീസുകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) 17/08/2015 മുതലാണ് റെലിസ് സോഫ്റ്റ് വെയർ നിലവിൽവന്നത്. നാളിതുവരെ 97% ഓഫീസുകളിൽ ഈ സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 180/2018/റവ. തീയതി 10/05/2018-ാം നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ വിവരിക്കുമോ; | (ബി) പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. റവന്യൂ ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കുമ്പോൾ നിലവിൽ വില്ലേജാഫീസുകളിൽ ഉപയോഗിച്ചു വരുന്നതും മാന്വൽ ആയി തയ്യാറാക്കി സൂക്ഷിക്കുന്നതുമായ ബന്ധപ്പെട്ട രജിസ്റ്ററുകളും അക്കൗണ്ടുകളും സിസ്റ്റത്തിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതാണ്.<br>2. ഇ-പെയ്മെന്റ് സംവിധാനം വഴി നികുതി ഒടുക്കുന്ന പൊതുജനങ്ങൾക്ക് നിലവിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ നൽകിവരുന്ന മാതൃകയിലുള്ള രസീതുകൾ നൽകേണ്ടതാണ്.<br>3. വില്ലേജ് ഓഫീസിൽ നടത്താറുള്ള ജമാബന്ദി മുതലായ പരിശോധനകൾക്കു വേണ്ടി ഓൺലൈൻ സംവിധാനത്തിലൂടെ തയ്യാറാക്കുന്ന രസീതുകൾക്കും അക്കൗണ്ടുകൾക്കും രജിസ്റ്ററുകൾക്കും നിയമ സാധുത ഉണ്ടായിരിക്കുന്നതാണ്. |

| | |
|---|---|
| (സി) ഇ-ട്രഷറി,റെലിസ് സോഫ്റ്റ് വെയർ എന്നിവ നിലവിൽ വന്നതിന് ശേഷം അക്കൗണ്ട് തുടങ്ങുന്നതിനും പേയ്മെന്റ് അപ്രൂവ് ചെയ്യുന്നതിനും ചെലാൻ ജനറേറ്റ് ചെയ്യുന്നതിനുമുള്ള ചുമതല വില്ലേജ് ഓഫീസറിൽ നിഷിപ്തമാക്കിയിട്ടുണ്ടോ; | (സി) ഇ-ട്രഷറി,റെലിസ് സോഫ്റ്റ് വെയറുകൾ ഇന്റഗ്രേറ്റ് ചെയ്താണ് നിലവിൽ ചലാൻ ജനറേറ്റ് ചെയ്യുന്നത്. ആയതിന്റെ ചുമതല വില്ലേജാഫീസറിൽ നിക്ഷിപ്തമാണ്. |
| (ഡി) കേരള വില്ലേജ് മാന്വൽ ഖണ്ഡിക 102-ൽ തുക ഒടുക്ക് വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം വില്ലേജ് ഓഫീസറിൽ നിഷിപ്തമാക്കിയിട്ടുണ്ടോ? | (ഡി) ഉണ്ട്. |

സെക്ഷൻ ഓഫീസർ